സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മറുപടി കിട്ടിയില്ല എന്നുപറയുന്നത് ശരിയല്ല. മറുപടി കൊടുത്തിട്ടുണ്ട്. മറുപടിയിലുള്ള അഭിപ്രായ വ്യത്യാസമാണ് പറഞ്ഞത്. സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ..........(ബഹളം)............ എന്റെ വകുപ്പിൽ ഒരൊറ്റ ചോദ്യത്തിനു മാത്രമേ മറുപടി പെന്റിംഗുള്ളൂ. കയർ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. അത് അന്വേഷിക്കേണ്ട കാര്യമാണ്. മറുപടി കൃത്യമല്ലാത്തതിന് മറുപടി കൊടുത്തിട്ടില്ല എന്നുപറഞ്ഞാൽ എങ്ങനെയാണ്? ദേവസ്വം ബോർഡ് ഒരു സ്വതന്ത്ര സ്ഥാപനമാണ്. അവിടെ ആര് ബോർഡ് വച്ചു എന്നുള്ള കാര്യം ഞങ്ങൾക്കെങ്ങനെയറിയാം. മറ്റൊന്ന്, ഞാൻ അവിടെ ഒന്നിലും ഇടപെട്ടിട്ടില്ല. ഞാൻ ഇടപെട്ട് അവിടെ ഒരു ചർച്ചയും അവസാനിപ്പിച്ചിട്ടില്ല. അത് നിങ്ങളുടെ ഭാവനകളാണ്. ഈ പ്രശ്നത്തിൽ നിങ്ങൾക്ക് കുറച്ച് താൽപ്പര്യമുള്ള വിഷയമായിരിക്കും, ഒരു മെമ്പർ അവിടെ ഇരുന്നു എന്നുള്ളത്. സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡ് തരുന്ന വിവരമല്ലാതെ ഗവൺമെന്റിന് അവിടെ പോയി യാതൊരു വിവരവും ശേഖരിക്കാൻ സാദ്ധ്യമല്ല. ഇന്നത്തെ നിലയിൽ ഒരിക്കലും സാദ്ധ്യമാവുകയുമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

## VIII. റൂളിംഗ്

മി. സ്പീക്കർ: ഇത് സംബന്ധിച്ച് ചെയറിന് ഒരു കാര്യം പറയാനുണ്ട്. നിയമസഭാംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന പരാതി പലപ്പോഴും ഉണ്ടാകാറുണ്ട്. ശ്രീ. സി. പി. മുഹമ്മദും മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളും ഉന്നയിച്ച പ്രശ്നം ചെയർ പരിശോധിക്കുകയുണ്ടായി. ഈ സഭ സമ്മേളിച്ചിട്ട് അഞ്ച് ദിവസമായി. ഈ അഞ്ച് ദിവസത്തിനുള്ളിൽ ഏകദേശം 150 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 1116 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉൾപ്പെടെ 1226 ചോദ്യങ്ങളാണ് ലഭിച്ചത്. അതിൽ 150 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾക്കും യഥാസമയം തന്നെ മറുപടി ലഭിച്ചിട്ടുണ്ട്. 1116 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളിൽ 623 എണ്ണത്തിന് യഥാസമയം മറുപടി ലഭിച്ചതായി കാണുന്നു. 268 എണ്ണത്തിന് പിന്നീടാണ് മറുപടി ലഭിച്ചത്. 225 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കേണ്ടതുണ്ട്. ഭക്ഷ്യം, വ്യവസായം, തൊഴിൽ, മരാമത്ത്, തദ്ദേശസ്വയംഭരണം, ഗതാഗതം, ജലവിഭവം, നിയമം, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുമന്ത്രിമാർ എല്ലാ ചോദ്യങ്ങൾക്കും കൃത്യമായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആരോഗ്യം, റവന്യൂ, ഊർജ്ജം എന്നീ മൂന്നു വകുപ്പുകളിൽനിന്നും യഥാസമയം മറുപടി ലഭിച്ചിട്ടില്ല. ഈ സ്ഥിതിവിശേഷം മാറേണ്ടതാണ്. യഥാസമയം തന്നെ ഉത്തരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും മറുപടി ശരിയായ രീതിയിൽ കൊടുക്കുന്നതിനും ശ്രദ്ധിക്കണമെന്ന് ചെയർ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly